നടത്തുകയില്ലെന്ന് ബോട്ടുടമകൾ തീരുമാനിച്ചതും മുനമ്പത്ത് മത്സ്യത്തൊഴിലാളികൾ സ്വമേധയാ രാത്രികാല ട്രോളിംഗ് നിർത്തലാക്കിയതും ഇത്തരുണത്തിൽ ശ്ലാഘനീയമായ മാതൃകകളാണ്. ഇതൊരു തുടക്കം മാത്രമേ ആകുന്നുള്ളു. ഈ അവബോധം ഒറ്റപ്പെട്ട സ്ഥലങ്ങളിലെ മത്സ്യത്തൊഴിലാളികളിൽ ഒതുങ്ങിപ്പോവാതെ എത്രയും വേഗം മററു മത്സ്യബന്ധനകേന്ദ്രങ്ങളിലുള്ളവരിലും ഉണ്ടായാലേ ഉദ്ദേശിച്ച ഫലപ്രാപ്തി ലഭിയ്ക്കൂ. മത്സ്യസമ്പത്തിൻെറ സംരക്ഷണയിലൂടെ മാത്രമേ ആളോഹരി മത്സ്യവിഹിതം ഉയർത്തുകയെന്ന പരമപ്രധാനമായ ലക്ഷ്യം കൈവരികയുള്ളൂ. ഈ വഴിയ്ക്ക് കാര്യങ്ങൾ നീങ്ങട്ടെയെന്ന് പ്രത്യാശിക്കാം.

## നിങ്ങൾ ചെയ്യേണ്ടത്

☞ പൊടിച്ചാളകൾ, അയിലക്കുഞ്ഞുങ്ങൾ അതുപോലുള്ള മററിനം മത്സ്യക്കുഞ്ഞുങ്ങൾ എന്നിവയെ പിടിച്ച് നശിപ്പിക്കരുത്.

☞ 15–20 മി. മിററിൽ താഴെ കണ്ണിവലിപ്പമുള്ള റിംഗ്സീൻ /പഴ്സീൻ വലകൾ ഉപയോഗിക്കരുത്.

☞ 8 മി.മീററർ കണ്ണിവലിപ്പമുള്ള ചൂടവലകളുടെ ഉപയോഗം നെത്തോലിക്കൂട്ടങ്ങളെ പിടിക്കാൻ മാത്രം ഉപയോഗിക്കുക.

☞ റിംഗ്സീൻ വലകളുടെ എണ്ണവും വലുപ്പവും ക്രമാതീതമായി വർദ്ധിപ്പിക്കുന്ന പ്രവണത ഒഴിവാക്കുക.

☞ തീരത്തുനിന്നും കുറഞ്ഞത് അഞ്ചു കിലോമീററിനപ്പുറം മാത്രമേ റിംഗ്സീൻ, ചൂടവല തുടങ്ങിയവ ഉപയോഗിക്കാവൂ.

---


*Prepared by* : Pelagic Fisheries Division
*Published by* : Dr. Mohan Joseph Modayil
Director, Central Marine Fisheries Research Institute
*Edited by* : Socio Ecnomic Evaluation and Technology Transfer Division
*Cartoon by* : Dr. C. Ramachandran, Dr. S. Ashalatha and A. P. Sunilkumar
Printed at : Cherrys Printers, L.F.C. Road, Kaloor, Kochi-17.




# മത്സ്യോല്പാദനം
## മത്സ്യക്കുഞ്ഞുങ്ങളുടെ സംരക്ഷണത്തിലൂടെ




കേന്ദ്ര സമുദ്ര മത്സ്യഗവേഷണ കേന്ദ്രം
കൊച്ചി – 682 014


സമുദ്ര മത്സ്യസമ്പത്ത് സംരക്ഷണം
വിജ്ഞാപന പരമ്പര – 1
Marine Fisheries Resource Conservation
Awareness Series -1

## മത്സ്യോല്പാദനം - മത്സ്യക്കുഞ്ഞുങ്ങളുടെ സംരക്ഷണത്തിലൂടെ

തീരപ്രദേശത്തെ സാമാന്യജനങ്ങളിലൊരു നല്ല വിഭാഗത്തിന്റെ ഉപജീവനമാർഗ്ഗമെന്ന നിലയ്ക്കും പോഷകസമൃദ്ധമായ ആഹാരമെന്ന നിലയ്ക്കും സമുദ്രമത്സ്യ വിഭവങ്ങൾ പ്രാധാന്യം അർഹിയ്ക്കുന്നു. മത്സ്യോല്പാദനരംഗത്ത് ഭാരതം വളരെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും ക്രമാതീതമായ ജനസംഖ്യാവർദ്ധനവിനനുസരിച്ച് നമ്മുടെ ആളോഹരി മത്സ്യവിഹിതം വർദ്ധിച്ചിട്ടില്ല. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനോടൊപ്പം, നിലവിലുള്ള മത്സ്യസമ്പത്ത് ശോഷിച്ചുപോവാതിരിയ്ക്കാനും മത്സ്യങ്ങൾക്ക് വംശനാശം വരാതെ അവയെ സംരക്ഷിക്കുവാനും നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## വേണം ചില നിയന്ത്രണങ്ങൾ

എഴുപതുകളുടെ തുടക്കത്തിലുണ്ടായ യന്ത്രവൽക്കരണം മുതൽ ഇങ്ങോട്ട് പഴ്സീൻ, റിങ്സീൻ മുതലായ വലകളുടെ ആവിർഭാവം, ദിവസങ്ങളോളം കടലിൽ തങ്ങിയുള്ള വിദൂര മേഖലാ മത്സ്യബന്ധനം മുതലായവവഴി മത്സ്യോൽപ്പാദനം ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുണ്ട്. എന്നാൽ മത്സ്യബന്ധനം ഇന്ന് ഉപജീവനമാർഗ്ഗത്തിനും ആഭ്യന്തര ഉപയോഗത്തിനും കയററുമതിയ്ക്കും മാത്രമല്ല, മറിച്ച് അമിതലാഭം കൊയ്യാനുള്ള ഒരു ഉപാധി എന്ന സ്ഥിതിയിലേയ്ക്കും വളർന്നിരിക്കുന്നു. അയില, ചാള, കരിചാള, മണങ്ങ്, നങ്ക്, ആയിരംപല്ലി, കാരൻ, കൂരി, ചെമ്പല്ലി, കോര, വാള, വാഴ്മീൻ, ആവോലി, നെയ്മീൻ, കിളിമീൻ, സ്രാവ്, തിരണ്ടി, കരിക്കാടി, നാരൻ, പൂവാലൻ, കഴന്തൻ, പുല്ലൻ, ഞണ്ട്, കൊഞ്ച് , കൂന്തൽ മുതലായ മത്സ്യസമ്പത്തുകൾ ഇന്ന് കൂടുതലായി ചൂഷണം ചെയ്യപ്പെടുകയാണ്. തൽഫലമായി കുറച്ചുകാലം മുൻപുവരെ സുലഭമായിരുന്ന ചില മത്സ്യങ്ങളുടെ ഉൽപ്പാദനം ഗണ്യമായി കുറയുകയോ ഇല്ലാതാവുകയോ ചെയ്തിട്ടുണ്ട്. ഒരിയ്ക്കൽപോലും വിതയ്ക്കാതെ വർഷത്തിൽ 365 ദിവസവും ഇതേപോലെ വിളവെടുക്കാൻ മത്സ്യബന്ധന മേഖലയല്ലാതെ മറെറാരു കാർഷിക മേഖലയും ഇന്ന് ഈ ഭൂമുഖത്തില്ല എന്നോർക്കുമ്പോൾ അൽപം ചില നിയന്ത്രണങ്ങൾ മത്സ്യബന്ധനമേഖലയിലും വേണ്ടേയെന്ന് ചിന്തിക്കേണ്ടിയിരിയ്ക്കുന്നു.

## ചൂഷണത്തിന്റെ മുഖം!

തെക്കുപടിഞ്ഞാറൻ കാലവർഷത്തിന്റെ ആരംഭത്തോടെ (മൺസൂൺ) പടിഞ്ഞാറൻ തീരക്കടലിലേയ്ക്ക് മത്സ്യക്കുഞ്ഞുങ്ങളുടെ വരവ് തുടങ്ങുകയായി. പ്രകൃതിതന്നെ ചിലസ്ഥലങ്ങളിൽ ഈ മത്സ്യക്കുഞ്ഞുങ്ങൾക്ക് ഭക്ഷണശാലയൊരുക്കുന്നതുകൊണ്ടാണിതു സംഭവിയ്ക്കുന്നത്. വർഷാവർഷം മൺസൂൺ സമയത്ത് പടിഞ്ഞാറൻ തീരക്കടലിന്റെ അടിത്തട്ടിൽനിന്നും ജലം ഉപരിതലത്തിലേയ്ക്ക് ഉയരുന്നതുകൊണ്ട് (up-welling) സസ്യ-ജന്തുപ്ലവ ജീവികളുടെ ഒരു കലവറ തന്നെ സൃഷ്ടിക്കപ്പെടുന്നു. കടലൊഴുക്കും കാററും ഇവയെ തീരപ്രദേശത്തേക്കെത്തിക്കുന്നു. മത്സ്യക്കുഞ്ഞുങ്ങളെ കടലമ്മ തന്നെ പരിരക്ഷിക്കുന്ന ഒരു പ്രക്രിയയാണിത്. 30-60 മില്ലിമീററർ നീളവും 3 മുതൽ 7 ഗ്രാം വരെ തൂക്കവുമുള്ള വിവിധ വർഗ്ഗങ്ങളിൽപ്പെട്ട ഈ മീൻകുഞ്ഞുങ്ങൾക്ക് ഏറിയാൽ രണ്ടുമാസമേ പ്രായം വരുകയുള്ളൂ. ഇവ കൂട്ടത്തോടെ ആഹാരം തേടി തീരക്കടലിലേക്ക് വരുന്ന സമയത്താണ് ചെറിയ കണ്ണികളുള്ള വലയുപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത്. പ്രത്യേകിച്ചും ചാകര അടിയുന്ന പ്രദേശങ്ങളിൽ ചാള, അയില, തിരിയാൻ, കൊഴുവ തുടങ്ങിയ പലതരം മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ ഈ വലകൾ അരിച്ചുപെറുക്കുന്നതായി കാണപ്പെടുന്നു. വർഷകാലമായതിനാൽ ചാള, അയില മുതലായവയുടെ കുഞ്ഞുങ്ങൾ വളരെ വേഗം അഴുകി ഭക്ഷ്യയോഗ്യമല്ലാതായിത്തീരുന്നു. ഇവയെ ഉണക്കിയെടുക്കാൻപോലും സാധിക്കാതെ കടൽത്തീരത്തുതന്നെ നശിച്ചുപോവുകയാണ് പതിവ്.

## മീൻ കുഞ്ഞുങ്ങളെ പിടിക്കാതിരുന്നാൽ.....

ഇന്ത്യയുടെ തെക്കുപടിഞ്ഞാറെ തീരത്തുനിന്നുമാത്രം കഴിഞ്ഞ വർഷം 50,000 ടൺ പൊടിച്ചാളകളെ പിടിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇത്തരം, 30 മുതൽ 60 മി. മീററർ വരെ നീളമുള്ള 200-220 ചാളക്കുഞ്ഞുങ്ങൾക്ക് ഒരു കിലോഗ്രാം തൂക്കമുണ്ടാകും. ഇവയെ ഈ ചെറുപ്രായത്തിൽത്തന്നെ പിടിക്കാതെ വളരുവാൻ അനുവദിച്ചാൽ ഒരുവർഷംകൊണ്ട് പൂർണ്ണവളർച്ചയെത്തി മുട്ടയിടാൻതക്ക പ്രായമാകും. ഇവയ്ക്ക് ഓരോന്നിനും 40-45 ഗ്രാം തൂക്കവും 140-160 മി. മീ. നീളവും വയ്ക്കും. ഏതാണ്ട് പത്തിരട്ടിയോളം വലുപ്പവ്യത്യാസം വരുന്നുവെന്ന് സാരം. വിലയിൽ വരുന്ന വ്യത്യാസംകൂടി കണക്കിലെടുത്താൽ (പൊടിച്ചാളയ്ക്ക് ഒരു കിലോഗ്രാമിന് 8-10 രൂപാ ലഭിക്കുമ്പോൾ വലിയ ചാളയ്ക്ക് കിലോയ്ക്ക് 20-25 രൂപാ ലഭിയ്ക്കുന്നു) പൊടിച്ചാളകളെ പിടിക്കുക വഴി പ്രതിവർഷം ഏകദേശം അറുപതു കോടിയിലധികം രൂപയുടെ നഷ്ടം വരുന്നതായി കാണാം.

## ഏട്ട മത്സ്യങ്ങളുടെ ദുർഗതി!

ഒരു കാലത്ത് വളരെ സുലഭമായിരുന്ന ഏട്ട മത്സ്യങ്ങളെ ഏകദേശം എൺപതുകളുടെ മദ്ധ്യത്തോടെ അവയുടെ മുട്ടകളോടൊപ്പം ക്രൂരമായി വേട്ടയാടിപ്പിടിച്ചതുകൊണ്ട് ഈ സമ്പത്ത് ഇന്ന് നമുക്ക് അന്യമായിത്തീർന്നിരിക്കയാണല്ലോ. ഈ രീതി തുടർന്നാൽ മററിനം മത്സ്യങ്ങൾക്കും ഈ ദുർഗതി വന്നു കൂടായ്കയില്ല. കാരണം മത്സ്യബന്ധനശേഷിയിൽ നമ്മൾ എന്നേ അതിരു കവിഞ്ഞിരിയ്ക്കുന്നു. "അതിമോഹം പെരുംചേത"മെന്നാണല്ലോ പഴമൊഴി. ഏട്ട മത്സ്യങ്ങൾക്കുണ്ടായ ദുർഗതി നമുക്കൊരു പാഠമാവണം.

## ഉത്തരവാദിത്ത മത്സ്യബന്ധനം

ഇന്ന് ലോകമെമ്പാടും അംഗീകരിച്ചിട്ടുള്ള ഒരു പൊതുമാനദണ്ഡമാണിത്. മത്സ്യബന്ധനം തൊഴിലാക്കിയവർ മത്സ്യസമ്പത്ത് ചൂഷണം ചെയ്യുന്നതിനൊപ്പം അതിനെ സംരക്ഷിക്കേണ്ട ചുമതല കൂടി, സർക്കാർ അടിച്ചേൽപ്പിക്കുന്നതിനു പകരം, സ്വയം ഏറെറടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

തെക്കൻ കർണ്ണാടകത്തിലെ മംഗലാപുരത്ത് വർഷകാലത്ത് പഴ്സീൻ ഉപയോഗിച്ച് മത്സ്യബന്ധനം